# അറിവ് പകരാൻ മികച്ച മാധ്യമം പുസ്തകങ്ങളും ചിത്രങ്ങളും: സന്തോഷ് എച്ചിക്കാനം

വെള്ളാനിക്കര: അറിവും വിജ്ഞാനവും മനുഷ്യ മനസ്സുകളിലേക്ക് സംപ്രേഷണം ചെയ്യാൻ പറ്റിയ ഏറ്റവും നല്ല മാധ്യമം പുസ്തകങ്ങളും ചിത്രങ്ങളും ആണെന്ന് ചെറുകഥാകൃത്ത് സന്തോഷ് ഏച്ചിക്കാനം പറഞ്ഞു.

കേരള കാർഷിക സർവ്വകലാശാലയുടെ ത്രിദിന പുസ്തകോൽസവം ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുസ്തകോൽസവങ്ങളും, ചിത്ര പ്രദർശനങ്ങളും വിജ്നാനത്തിന്റെ ആഴങ്ങളിലേക്ക് മനുഷ്യരെ എത്തിക്കുന്നതോടൊപ്പം അവരുടെ മന:പരിവർത്തനത്തിനും സഹായിക്കും. സുഖവും ദുഖവും പങ്കുവെയ്കാനും പലപ്പോഴും മരണത്തെപ്പോലും മറികടക്കാനും പുസ്തകങ്ങൾ സഹായിക്കുന്നു. ഗ്രന്ഥകാരന്മാരെയും പുസ്തകങ്ങളേയും വായനക്കാരിലേക്ക് എത്തിക്കുന്നതിൽ ലൈബ്രറികൾക്കും പുസ്തകോൽസവങ്ങൾക്കും ഉള്ള പങ്ക് വളരെ വലുതാണെന്നും, അതിലൂടെ സാമൂഹ്യ വിപ്ലവത്തിനുമുള്ള സാഹചര്യം സംജാതമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വെള്ളായണി കാർഷിക കോളേജ് ഡീനും ജനറൽ കൌൺസിൽ അംഗവുമായ ഡോ. എ. അനിൽകുമാർ അധ്യക്ഷത വഹിച്ചു.

കഥാകൃത്ത് സി. ആർ. ദാസ് മുഖ്യ പ്രഭാഷണം നടത്തി. മാടക്കത്ര ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി. എസ്. വിനയൻ ലൈബ്രറി ബ്രോഷർ പ്രകാശനം ചെയ്തു. സർവ്വകലാശാല മുൻ ലൈബ്രേറിയൻ അബ്ദുൾ റസാക് ബ്രോഷർ ഏറ്റുവാങ്ങി. ചിത്രപ്രദർശനം സർവ്വകലാശാല ആസൂത്രണ വിഭാഗം മേധാവി ഡോ. ടി. പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു.

ശാസ്ത്ര സാങ്കേതികം, കൃഷി, വിദ്യാഭ്യാസം, സാഹിത്യം, ഭാഷ, വിനോദം, സിനിമ, ആരോഗ്യം, തുടങ്ങി എല്ലാ വിഷയങ്ങളിലുമുള്ള പ്രമുഖ ദേശീയ, അന്തർ ദേശീയ പ്രസാധകരുടെ ആയിരക്കണക്കിന് പുസ്തകങ്ങൾ മേളയിലുണ്ട്. പുസ്തകോൽസവം ഇന്ന് സമാപിക്കും. വിദ്യാർഥികൾ, അദ്ധ്യാപകർ, കർഷകർ, സ്കൂളുകൾ, കോളേജുകൾ, ലൈബ്രറികൾ, പൊതുജനങ്ങൾ എന്നിവർക്കു വില കിഴിവിൽ പുസ്തകങ്ങൾ വാങ്ങാം.

Veekshanam
03.02.2018